സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.4826/2018/OAD

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
07/07/2018

## സർക്കുലർ

**വിഷയം:-** തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഫീസുകളിലും, ദേവസ്വങ്ങളിലും ആഡിറ്റ് നടത്തുന്ന അവസരത്തിൽ കാണപ്പെടുന്ന ബാദ്ധ്യത തുകകൾക്ക് പലിശ നിശ്ചയിക്കുന്നത് സംബന്ധിച്ച്

**സൂചന:-** **07.06.2018**-ലെ **ROC 2833/18/OAD** നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഫീസുകളിലും, ദേവസ്വങ്ങളിലും ആഡിറ്റ് നടത്തി കണ്ടെത്തുന്ന ബാദ്ധ്യത തുക **18 %** പലിശ സഹിതം അടയ്ക്കുന്നതിന് ഉത്തരവുണ്ടെങ്കിലും ചുമതലയായി പലിശയുൾപ്പെടെ തിട്ടപ്പെടുത്തുന്ന തുകകൾ അടയ്ക്കുന്നതിന് ചില ഉദ്യോഗസ്ഥർ ബോധപൂർവ്വമായ വീഴ്ചവരുത്തുകയും യാതൊരു അടിസ്ഥാനവുമില്ലാത്ത ആക്ഷേപങ്ങൾ ഉന്നയിച്ച് ബാദ്ധ്യത ഒടുക്ക് വരുത്താതെ കാലതാമസം വരുത്തുന്ന പ്രവണത വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല വർഷങ്ങൾക്ക് ശേഷം ചുമതല തുകകൾ ഒടുക്ക് വരുത്തുമ്പോൾ ആഡിറ്റ് സമയത്ത് നിശ്ചയിച്ച പലിശ ചേർന്നുള്ള തുകയാണ് ഒടുക്കു വരുത്തുന്നത്.

മേൽ സാഹചര്യങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഫീസുകളിലേയും, ദേവസ്വങ്ങളിലേയും ആഡിറ്റിൽ തിട്ടപ്പെടുത്തുന്ന ബാദ്ധ്യതതുകകൾ അടയ്ക്കുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും ചുമതല തുക ഡിപ്പാർട്ടുമെന്റിൽ അടക്കുന്ന തീയതി വരെയുള്ള പലിശ ഈടാക്കേണ്ടതാണെന്ന് നിർദേശിച്ച് ഉത്തരവാകുന്നു.

ഈ സർക്കുലർ എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ കൊണ്ട് വരുന്നതിനുള്ള നടപടി അതത് ഓഫീസ് മേധാവികൾ സ്വീകരിക്കേണ്ടതാണ്.

**ദേവസ്വം കമ്മീഷണർ**

RA

(മറുപുറം)

4.

പകർപ്പ്-

1. സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ്,വിജിലൻസ് ആന്റ് സെക്യൂരിറ്റി
3. ചീഫ് എഞ്ചിനീയർ (ജനറൽ).
4. ചീഫ് എഞ്ചിനീയർ
5. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
7. എക്സിക്യൂട്ടീവ് ആഫീസർ-ശബരിമല
8. ഡെപ്യൂട്ടിദേവസ്വംകമ്മീഷണർ-തിരുവനന്തപുരം,പത്തനംതിട്ട,ഹരിപ്പാട്,വൈക്കം
9. ഡയറക്ടർ,സാംസ്കാരിക പുരാവസ്തു വിഭാഗം
10. എക്സിക്യൂട്ടീവ് എഞ്ചിനീയർ . .. .. .. .. .. .. .. .. . . . . .
11. അസിസ്റ്റന്റ് എഞ്ചിനീയർ .. .. .. .. .. .. .. .. . . . . . . . ..
12. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ .. .. .. .. .. .. .. .. .. . . . . ..
13. അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ.. .. .. .. .. .. .. .. . . . . .
14. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർ.. .. .. .. .. . . . .. .
15. വിജിലൻസ് ആഫീസർ.. .. .. .. .. .. .. .. .. . . . . . ..
16. എസ്റ്റാ-എ സെക്ഷൻ ദേവസ്വം കമ്മീഷണർ ആഫീസ്
17. എസ്റ്റാ-ബി സെക്ഷൻ ദേവസ്വം കമ്മീഷണർ ആഫീസ്
18. ഇ.ഡി.പി സെക്ഷൻ, ബോർഡ് ആഫീസ്
19. സെക്ഷൻ ഫയൽ
20. ഫെയർ ഓഫീസ് കോപ്പി

**RA**